## കേരള കാർഷിക സർവ്വകലാശാല

**<u>നടപടിക്രമം</u>**

കേരള കാർഷിക സർവ്വകലാശാല – വിവരാവകാശ നിയമം 2005 പ്രകാരം വിവരങ്ങൾ ലഭിക്കുന്നതിന് ഫീസ് ഒടുക്കുന്നതിനുള്ള രീതികൾ - നിലവിലെ ഉത്തരവ് പരിഷ്കരിച്ച് കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ വിഭാഗം**

നമ്പർ: ജിഎ/ഡി1/68/2018 വെള്ളാനിക്കര, തിയ്യതി: 27/03/2018.

---

സൂചന:- 1) 29/08/2009 ലെ നം. ജിഎ/ഡി1/33187/2005 സർവ്വകലാശാല ഉത്തരവ്.
2) 16/03/2018 ലെ നം. 04494 പ്രകാരമുള്ള ധനകാര്യ വിഭാഗത്തിന്റെ കുറിപ്പ്.

**<u>ഉത്തരവ്</u>**

വിവരാവകാശ നിയമം 2005 പ്രകാരം കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും പൊതുജനങ്ങൾക്ക് വിവരങ്ങൾ ലഭിക്കുന്നതിനുള്ള ഫീസ്, നേരിട്ട് പണമായോ , കംപ്ട്രോളർ, കാർഷിക സർവ്വകലാശാലയുടെ പേരിൽ സർവ്വകലാശാല കാമ്പസിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ബ്രാഞ്ചിൽ മാറിയെടുക്കാവുന്ന ഡിമാൻറ് ഡ്രാഫ്റ്റായോ ഒടുക്കാവുന്നതാണെന്ന് വ്യക്തമാക്കികൊണ്ട് സൂചന (1) പ്രകാരം സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.ഇന്ത്യൻ പോസ്റ്റൽ ഓർഡർ മുഖേന ഫീസൊടുക്കിയ നിരവധി വിവരാവകാശ അപേക്ഷകൾ സർവ്വകലാശാലയിൽ ലഭിക്കുന്നത് കണക്കിലെടുത്ത് കേരള കാർഷിക സർവ്വകലാശാലയിൽ വിവരാവകാശ അപേക്ഷയിൽ ഫീസ് അടക്കാവുന്ന രീതി പുന:പരിശോധിക്കുകയും വിവരാവകാശ അപേക്ഷ ഫീസ് ഇന്ത്യൻ പോസ്റ്റൽ ഓർഡർ വഴിയോ സർവ്വകലാശാലയ്ക്ക് സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉണ്ടാകാത്ത മറ്റു രീതികളിലോ അടവാക്കാവുന്നതാണെന്ന് സൂചന (2) പ്രകാരം ധനകാര്യ വിഭാഗം അഭിപ്രായപ്പെടുകയുണ്ടായി.

പ്രസ്തുത സാഹചര്യത്തിൽ,കേരള കാർഷിക സർവ്വകലാശാലയിൽ വിവരാവകാശ അപേക്ഷകളിൽ വിവരങ്ങൾ ലഭിക്കുന്നതിന് ഫീസ് ഒടുക്കുന്നതിനുള്ള നിലവിലുള്ള രീതികൾക്ക് പുറമേ കംപ്ട്രോളർ, കേരള കാർഷിക സർവ്വകലാശാല, വെള്ളാനിക്കരയുടെ പേരിൽ കെ.എ.യു പോസ്റ്റ് ഓഫീസ്, വെള്ളാനിക്കരയിൽ മാറാവുന്ന ഇന്ത്യൻ പോസ്റ്റൽ ഓർഡർ മുഖേനയും ഒടുക്കാവുന്നതാണെന്നും കൂടി ഉൾപ്പെടുത്തി സൂചന (1) ലെ ഉത്തരവ് പരിഷ്കരിച്ച് ഇതിനാൽ ഉത്തരവാകുന്നു.

**ഒപ്പ്/-**
**രജിസ്ട്രാർ**

സ്വീകർത്താവ്

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള എല്ലാ ഓഫീസ് മേധാവികളും (അനൗൺസ്)

**<u>പകർപ്പ്:</u>** സെക്രട്ടറി, കൃഷി (ഫാംസ് വകുപ്പ്), കേരള സർക്കാർ, തിരുവനന്തപുരം/അഡീഷണൽ സെക്രട്ടറി, പൊതുഭരണം(ഏകോപന)വകുപ്പ്, കേരള സർക്കാർ, തിരുവനന്തപുരം/വൈസ് ചാൻസിലറുടെ പിഎ/പിഎസ്/രജിസ്ട്രാറുടെ പിഎ/കംപ്ട്രോളറുടെ പിഎ/ഫിസിക്കൽ പ്ലാൻറ് ഡയറക്ടർ/അക്കാദമിക് ഡയറക്ടർ/ജോയിന്റ് രജിസ്ട്രാർ (ഭരണം I & II)/ഡെപ്യൂട്ടി രജിസ്ട്രാർ(അക്കാദ്)/ഡെപ്യൂട്ടി കംപ്ട്രോളർ (ബി.ആന്റ്.പി)/ഡെപ്യൂട്ടി കംപ്ട്രോളർ പി ആന്റ് എൽ/ഡെപ്യൂട്ടി കംപ്ട്രോളർ ഐഎസി(സി ആർ)/ഫിനാൻഷ്യൽ അസിസ്റ്റന്റ് & ഡി.പി.പി/അസിസ്റ്റന്റ് രജിസ്ട്രാർ (ഭരണം I & II)/അസിസ്റ്റന്റ് കംപ്ട്രോളർ(ഡിഡി&എ)/അസിസ്റ്റന്റ് കംപ്ട്രോളർ പി ആന്റ് എൽ/അസിസ്റ്റന്റ് കംപ്ട്രോളർ ബി ആന്റ് എം/റിക്രൂട്ട്മെന്റ് ഓഫീസർ/പബ്ലിക്ക് റിലേഷൻസ് ഓഫീസർ/ലേബർ ഓഫീസർ/പൂൾ ഓഫീസർ/സിസ്റ്റംസ് മാനേജർ/സെയിൽ ഓഫീസർ/ക്യാഷ്/കരുതൽ ശേഖരം/മിച്ചം.

**//ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത്//**

**സെക്ഷൻ ഓഫീസർ**